**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4658**
**22.03.2018 ൽ മറുപടി നൽകേണ്ടത്**

**ക്ഷേമപെൻഷൻകാരുടെ വിവരങ്ങൾ ക്രോഡീകരിക്കാൻ ഭരണതലത്തിൽ സംവിധാനം**

**ചോദ്യം**
ശ്രീ. സണ്ണി ജോസഫ്

**മറുപടി**
ഡോ.ടി.എം തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ഒരാൾക്ക് ഒന്നിലധികം ക്ഷേമ പെൻഷനുകൾ ലഭിക്കുന്നത് തടയാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കുമോ, | ഉണ്ട്. 06/02/2017 തീയതിയിലെ സ.ഉ (എം.എസ്) 67/2017/ധന പ്രകാരം 06/02/2017 ന മുമ്പ് വരെ രണ്ടോ അതിലധികമോ പെൻഷൻ ലഭിച്ച് വന്നിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും തുടർന്നും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുമെന്നും 06/02/2017 മുതൽ ഒരാൾക്ക് ഒരു പെൻഷനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളു എന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ക്ഷേമ പെൻഷൻകാരുടെ വിവരങ്ങൾ ക്രോഡീകരിക്കുവാൻ ഭരണതലത്തിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഉണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങളും ക്ഷേമ നിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങളും 'സേവന' സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി ക്രോഡീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ